# GREGORIAN VOICE



"This is my beloved Son, in whom I am well pleased."

Monthly newsletter of St Gregorios Syrian Orthodox Church, Dublin

(For private circulation only)

JANUARY 2015

# Vicar's Desk

**By Fr Jobymon Skaria**

കണ്ണുനീരിന്റെ താഴ് വരകളെ ,ആർപ്പ് വിളിയുടെ ആഘോഷമാക്കി മാറ്റുന്ന സർവ്വശക്തൻ ,ഡബ്ളിൻ സെന്റ് ഗ്രീഗോറിയോസ് സുറിയാനി ഓർത്തഡോക്സ് പള്ളി പിന്നിട്ട വഴിത്താരകളിൽ ,രാത്രി അഗ്നി സ്തംഭമായും പകൽ മേഘ സ്തംഭമായും വഴി നടത്തിയതിനെ ഓാർത്ത് , നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.

അനന്തമായ സാധ്യതകളുടെ മാന്ത്രികച്ചെപ്പുമായി കാത്തിരിക്കുന്ന ,2015 നമുക്കേവർക്കും അനുഗ്രഹത്തിന്റെ വർഷമാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ,ആശംസിക്കുകയും ചെയ്യുന്നു.

ഉറക്കം തൂങ്ങാത്തവനും ഉറങ്ങാത്തവനുമായ ദൈവത്തിൽ മുറുകെ പിടിക്കുന്ന വിശ്വാസവും ,സഹ ജീവികളിലെ നന്മകൾ മാത്രം കാണുവാൻ തുറന്നിരിക്കുന്ന രണ്ട് കണ്ണുകളും ,ചുറ്റുമുള്ളവരിലെ ഏറ്റവും വലിയ തിന്മ പോലും ക്ഷമിക്കുവാൻ വെമ്പൽ കൊള്ളുന്ന ഹൃദയവും , കഴിഞ്ഞ കാലത്തെ ദുരനുഭവങ്ങൾ മറക്കുവാൻ സദാ ജാഗരിക്കുന്ന മനസ്സുമാകട്ടെ പുതു വർഷത്തിലെ നമ്മുടെ കൈമുതൽ.

വരുവാനിരിക്കുന്ന നാളുകൾ ,ദൈവം ഒരുക്കിയിരിക്കുന്ന അത്ഭുതകരമായ രക്ഷയെ , അന്തരാത്മാവിൽ അവാച്യമായ ആത്മീയ അനുഭൂതിയോടെ നമ്മുടെ ഇടവക അനുഭവിച്ചറിയുന്ന സുദിനങ്ങളാകട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച് കൊണ്ട് നിർത്തുന്നു.



ദൈവം അനുഗ്രഹിക്കട്ടെ

ജോബിയച്ചൻ

# Christmas New Year message

## H.G Yuhanon Mor Militios

കർത്താവിൽ പ്രീയരെ,

ക്രിസ്തുയേശുവിൻറെ ജനനപ്പെരുന്നാളിന്റെയും പുതുവൽസരത്തിൻറെയും നാളുകളിലേക്ക് നമ്മൾ വീണ്ടും വന്നു ചേർന്നിരിക്കുന്നു. നക്ഷത്രവിളക്കുകളും, ക്രിസ്തുമസ് ട്രീയും എല്ലാം ആ തിരുപ്പിറവിയുടെ സന്ദേശത്തെ

വിളിച്ചോതുന്നു. ലോകത്തിൻറെ അന്ധകാരത്തെ മാറ്റുവാൻ ക്രിസ്തു മനുഷ്യാവതാരം ചെയ്തിരിക്കുന്നു. എന്നാൽ ഈ സത്യത്തെ ലോകം വിസ്മരിച്ചിരിക്കുന്നു. മൂല്യങ്ങൾ നഷ്ടമായ ഒരു ജീവിത ക്രമത്തിലേക്ക് മനുഷ്യൻ ആണ്ടിരിക്കുന്നു. വിവര സാങ്കേതികവിദ്യയിലൂടെയും മറ്റും ലോകം കൈപ്പിടിയിൽ ഒതുക്കുവാൻ മനുഷ്യന് സാധിച്ചപ്പോൾ അവൻ തൻറെ ലോകം നാലു ചുവരുകൾക്കുള്ളിൽ ഒതുക്കുവാനും അവിടെ ഒതുങ്ങിക്കൂടുവാനുമാണ് ശ്രമിക്കുന്നത്. ദൈവപുത്രൻ ലോകത്തിലേക്ക് വന്നത് സ്നേഹത്തിൻറെ വിശാലതയിലേക്കുള്ള ആഹ്വാനവുമായാണ്. ബന്ധങ്ങൾ വിശ്ച്ചേദിക്കപെടുന്ന, അതിക്രമവും, അഴിമതിയും, അരാചകത്വവും, രാഷ്ട്രീയ ഭീകരതയും, മത ഭീകരതയും അങ്ങനെ ദൈവബോധമില്ലാത്ത പ്രവർത്തികൾ എല്ലാം തന്നെ പരിഷ്ക്രുതമെന്നു കരുതുന്ന ആധുനിക സമൂഹത്തെ ഇരുട്ടിൻറെ ആഴങ്ങളിലേക്ക് തള്ളി ഇടുകയാണ് . വിമോചകാനായ ക്രിസ്തുവിന്റെ ജനനപ്പെരുന്നാൽ നാം കൊണ്ടാടുമ്പോൾ ഏശയ്യാ പ്രവാചകന്റെ വചനങ്ങൾ പോലെ "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു അന്ധതമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു."(ഏശയ്യാ: 9.2).

എല്ലാ അടിമത്തങ്ങളിൽ നിന്നും ഏകാന്തതകളിൽ നിന്നും വിമോചനം പ്രാപിക്കുവാനും ക്രിസ്തുമസ്സിൻറെ ആഘോഷങ്ങൾക്കപ്പുറം ക്രിസ്തുയേശുവിൻറെ പ്രകാശത്തിൽ പങ്കാളി ആകുവാനും മറ്റുള്ളവരെ ആ പ്രകാശത്തിലേക്ക് നയിക്കുവാനും നമുക്ക് സാധിക്കണം.

ക്രിസ്തുമസ് സ്നേഹത്തിൻറെ, വിമോചനത്തിൻറെ, സമത്വത്തിൻറെ പെരുന്നാൾ ആണ്. മനുഷ്യനോടുള്ള സ്നേഹത്തെ പ്രതി ദൈവം സ്വപുത്രനെ ലോകത്തിലേക്ക് അയച്ചു. ആയത് പാപത്തിൻറെ അടിമത്വത്തിൽ നിന്നുള്ള വിമോചനത്തിനും മനുഷ്യൻ നഷ്ടപ്പെടുത്തിയ പുത്രത്വമാകുന്ന പദവിയിലേക്കുള്ള തിരിച്ചുപോക്കിനുമാണ്. ഈ ക്രിസ്തുമസ് പുതുവൽസര നാളുകൾ എല്ലാവർക്കും സ്നേഹത്തിൻറെയും സമത്വത്തിൻറെയും വിമോചനത്തിൻറെയും ദിനങ്ങൾ ആയിരിക്കട്ടെ.

എല്ലാവർക്കും പ്രാർത്ഥനാ പൂർവ്വമായ ക്രിസ്തുമസ് പുതുവൽസരാശംസകൾ നേർന്നുകൊണ്ട് നിർത്തുന്നു.

നിങ്ങളെല്ലാവരുടെയും ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ



**മിലിത്തിയോസ് യൂഹാനോൻ മെത്രാപ്പോലീത്താ**

# പുതുവത്സരത്തിൽ പുതുക്കത്തോടെ

**By Fr Thomas Puthiyamadathil**

ചരിത്രത്തിന് ഒരു വർഷം കൂടി പ്രായം ഏറുകയാണ്. വീണ്ടും ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. മനുഷ്യ ജീവിതത്തിൽ പുതിയ കാര്യങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ ബാഹ്യവും ആന്തരീകവുമായ ഒരു ശുദ്ധീകരണത്തിന് മനുഷ്യൻ തയ്യാറാവാറുണ്ട്. കേരളീയ ഭവനങ്ങളിൽ പഴയ കാലങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരുന്നത് ചെമ്പുകൊണ്ടോ പിച്ചളയിലോ തീർത്ത പാത്രങ്ങളായിരുന്നു. ഈ സങ്കര ലോഹനിർമ്മിതങ്ങളായ പാത്രങ്ങൾ കാലപഴക്കത്താൽ നിറം മങ്ങിപ്പോകാറുണ്ട്. പുതിയ പാത്രങ്ങൾക്ക് ഉണ്ടായിരുന്ന നല്ല തിളക്കം കാലങ്ങൾ കഴിയുമ്പോൾ ഇരുണ്ടുപോകുക സാധാരണമാണ്. എന്നൽ അവ തേച്ച് മിനുക്കിയെടുക്കുമ്പോൾ വീണ്ടും നല്ല തിളക്കം ലഭിക്കുന്നു. അത്തരം പാത്രങ്ങൾ കാണുന്നതും ഉപയോഗിക്കുന്നതും വ്യത്യസ്ഥമായ അനുഭവമാണ് നല്കുന്നത്. അതുപോലെ മനുഷ്യ ജീവിതത്തിലും കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങളും പ്രവൃത്തനങ്ങളും ഒരു പക്ഷേ ജീവിതത്തിന്റെ തിളക്കം നഷ്ടപ്പെടുന്നതുനു കാരണമായിട്ടുണ്ടാകാം. എന്നൽ ജീവിതത്തിലെ തിളക്കം നഷ്ടപ്പെടുവാനിടയായ കഴിഞ്ഞകാലങ്ങളിലെ കുറവുകളെ കണ്ടെത്തി വരും നാളുകളിൽ ജീവിതം കൂടുതൽ തിളക്കമുള്ളതാക്കി തീർക്കുന്ന ശൈലി സ്വീകരിക്കുവാൻ ഓരോ വ്യക്തിക്കും സാധിക്കണം. കറയില്ലാത്ത മനസ്സോടുകൂടി ഒരോ ചുവടുകളും ഉറപ്പോടെ മുന്നോട്ട് വയ്ക്കുവാൻ സാധിക്കുകയെന്നതാണ് ഒരു വ്യക്തിത്വത്തെ തിളക്കമുള്ളതാക്കിത്തീർക്കുന്നത്.

വൃക്ഷലതാതികളെ ശ്രദ്ധിച്ചിട്ടുള്ളവർക്കറിയാം. വസന്തകാലം കഴിഞ്ഞ് തണുപ്പ് കാലത്തിനു മുന്നോടിയായി ശിശിരകാലത്ത് മരങ്ങൾ ഇല പൊഴിക്കാറുണ്ട്. മരങ്ങൾക്ക് പച്ചപ്പ് നല്കുന്ന

ഇലകൾ അതിന്റെ ആയുസ്സിൽ നിർവ്വഹിക്കേണ്ട ചുമതല ഭംഗിയായി നിർവഹിച്ച് ജീവനില്ലാതെ കൊഴിഞ്ഞു വീഴുകയാണ്. കൊഴിഞ്ഞുപോയ ഇലകളെ ചൊല്ലി മാമരങ്ങൾ വിലപിക്കുകയല്ല. മറിച്ച് പുതിയ തളിരുകൾ കൊണ്ടുള്ള പച്ചപ്പട്ട് പുതുക്കുവാനുള്ള വെമ്പലോടുകൂടിയാണ് മരങ്ങൾ നില കൊള്ളുന്നത്. സൂര്യതേജസ്സിൽ നിന്ന് ചൈതന്യം ഉൾകൊണ്ടുകൊണ്ട് പ്രസരിപ്പോടെ തങ്ങളെ പൊതിയുന്ന പുതിയ തളിരിലകളെ കുറിച്ചുള്ള പ്രതീക്ഷയാണ് ഇന്നലകളിലെ വാടിതളർന്നു കൊഴിഞ്ഞുപോയ ഇലകളെ മറക്കാൻ മരത്തിനു നല്കുന്ന പ്രേരണ. മനുഷ്യ ജീവിതത്തിലെ ഇന്നലകളിലെ പരാജയത്തിന്റെയും പാളിച്ചകളുടെയും അനുഭവങ്ങളെ നോക്കി ജീവിതത്തിന്റെ ചൈതന്യം നഷ്ടപ്പെട്ട് നിരാശയിലാണ്ടിരിക്കുന്ന പലരെയും നമുക്കു ചുറ്റും കാണുവാൻ സാധിക്കും. അത്തരം വ്യക്തികൾക്ക് ജീവിതത്തിലെന്നും പരാജയപരമ്പരകൾ മാത്രമായിരിക്കും അനുഭവം. എന്നാൽ പരാജയത്തിൽ നിന്നും പാഠമുൾക്കൊണ്ട് ജീവിതം ക്രമീകരിച്ച് മുന്നേറുന്നവനാണ് ബുദ്ധിമാൻ.

പലരും ഇന്നലെകളിലെ പരാജയത്തിനു കാരണഭൂതമായ കാര്യങ്ങളെ പിന്നേയും പിന്തുടർന്ന് ജീവിതംമുന്നോട്ട് നയിക്കുവാൻ പ്രയാസപ്പെടുന്നതുകണ്ടിട്ടുണ്ട്. പരാജയ കാരണം തിരിച്ചറിഞ്ഞിട്ടും അതിൽ നിന്നും പിന്മാറാതിരിക്കുന്നത് ജീവിതത്തിൽ വീണ്ടും വീണ്ടും പരാജയ പരമ്പരകൾക്ക് കാരണമായിത്തീരും. പുതുവർഷത്തിൽ നന്മ മാത്രമേ, അല്ലങ്കിൽ നാം ആഗ്രഹിക്കുന്നതുമാത്രമേ സംഭിവിക്കു എന്നു ധരിക്കുന്നത് വിഢിത്തമാവും. അപ്രതീക്ഷിതമായ പലതും

പതറുവാനിടയാകരുത്. അതിന് വിശ്വാസവും, ആദർശങ്ങളും, സ്നേഹവും, സേവന സന്നദ്ധതയും, വിനയവുമൊക്കെയാകുന്ന സൽഗുണങ്ങൾ ജീവിതത്തിന്റെ അടിസ്ഥാനമായിത്തീരണം.

ഓരൊ വ്യക്തിയുടെയും നാളെകളെ പ്രതീക്ഷ നിർഭരമാക്കിത്തീർക്കുന്നത് ഇന്നത്തെ ജീവിതശൈലിയാണ്. പലരുടെയും ജീവിതത്തിൽ ഇന്നലെകളും, നാളെകളും പേടിപ്പെടുത്തുന്ന അനുഭവമാക്കിത്തീർക്കുന്നത് നേരും നെറിയും മറന്നുകൊണ്ടുള്ള ഇന്നത്തെ ജീവിത രീതിയാണ്. പുതിയ വർഷത്തിലേക്ക് പുതുമയോടെ പ്രവേശിക്കാം. ഇന്നലെകളിലെ തെറ്റുകളിൽ നിന്നും പരാജയങ്ങളിൽ നിന്നും തിരിച്ചറിഞ്ഞ് കാരണങ്ങളെ ജീവിതത്തിൽ ചവിട്ടുപടിയായി സ്വീകരിക്കാം. നാളെകളെക്കുറിച്ചുള്ള ശുഭപ്രതീക്ഷയോടെ പുതുവർഷത്തെ വരവേൽക്കാം. ഒരു പുതുവർഷത്തേക്കൂടി വരവേല്ക്കുവാൻ ആയുസ്സുതന്ന ദൈവത്തിനു നന്ദി പറയാം. യഥാർത്ത സ്നേഹം പങ്കിടുവാനും, സത്യസന്ധതയും, വിശ്വസ്തതയും പാലിക്കുവാനും, വേദനിക്കുന്നവരുടെ കണ്ണുനീരൊപ്പുവാനും, ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കുവാനും ജീവിതം വിനിയോഗിക്കുമെന്നുള്ള ഉറച്ച പ്രതീക്ഷയോടെ, നല്ല നാളുകളെ കുറിച്ചുള്ള പ്രതീക്ഷയോടെ പുതുവത്സരത്തിലേക്കു പ്രവേശിക്കാം. ഏവർക്കും ദൈവാനുഗ്രഹത്തിന്റെ നൂറു നൂറു നന്മകൾ നിറഞ്ഞ ഒരു പുതുവർഷം ആശംസിക്കുന്നു.

തോമസച്ചൻ



# Leleyo Qadisho -2014

On 24/12/2014 after Christmas service Leleyo Qadisho 2014 (Holy night 2014, the Christmas carol celebration of our church began.

The event started with a prayer song from Angel Mary Sunil followed by welcome speech by Saibu Philip and carols from Sundayschool, Youthassociation, VanithaSamajam and Church Choir. The Sunday school 3rd class performed a lovely musical skit. The other classes sang festive carols and there were beautiful songs sung by choir and spiritual associations. The anchor of the event was Sandra Joshi.

Our vicar Fr Jobymon Skaria presided the service and gave a message on the importance of "giving". He congratulated our Vanitha Samajam for their charity work all over the year especially organizing Christmas dinner at six orphanages throughout Kerala. He also appreciated the parishioners for supporting "Vivahasahayanidhi" by which we supported six girls for their marriage.

At the end of the Leleyo Quadisho 2014, Santa Claus came with men's carol group and handed over sweets to all children. There was exquisite dinner at the end of the program to break the Yeldho lent. We thank everyone who made this day a special day and wish all the best for the new year. The day was marked by a togetherness and cordiality among the parishioners and the participation was great.

# Leleyo Qadisho—2014


























Jingle Bells-2014





# Jingle Bells-2014

"Jingle Bells 2014" the Christmas & New Year Celebration of Jacobite Syrian Orthodox Patriarchal Vicariate of Ireland, and hosted by St. Ignatius Noorono Syrian Orthodox Congregation Tallaght had been a memorable and prestigious moment for all the members of our Parish.

Rev. Fr. Thomas Puthiyamadathil celebrated Holy Qurbono. Rev. Fr. Joby Scaria cut the Christmas cake to start with carol song performances. Nearly all the congregations of our Patriarchal Vicariate participated in the Carol Service. St Gregorious Church Dublin, as always, stood out in all the performances. The nativity play performed by our church was absolutely adorable. Our choir team sang beautiful carol songs. Members of Martha Mariam Vanitha Samajam and our carol team also sang beautiful carol songs in the programme. Our traditional Indian food was served after the programme.

This was the second time the Syrian Orthodox Patriarchal Vicariate celebrated Christmas and New Year in Ireland, and it was a great success.

# Dear god, please take away cows, hens, grand kids… ☺

One day Mor Chrystostom was talking to Vanitha Samamjam members of his parish.  He asked each of them the reason for not attending the church services regularly.

One granny, “Dear thirumeni I have a pregnant Cow. Somebody should be with her all the time. That is why I don’t come to church nowadays”

An aunty, “I have some small hens/chicks. If I come to church something will take it away”

Another woman, “I have three grand kids, they live with me. I cannot come to the service because of them”.

Chrysostom thirumeni listened to each of them and told them,

“I understand all your problems. You are struggling a lot in your daily life. Cows, hens, chicks, grand kids ..etc are stopping you from coming to the church. I am going to have a three days fasting prayer for all of you. I am going to pray to the lord that “Dear God please take away all  those things from my parishes that are causing barriers from coming to the church”

Worried members told Thirumeni

“Dear thirumeni, please don’t pray for that… we will regularly come to the church from next week …” :)

(From the book “Mar chrysostom chirippikkunnu naam chinthikkunnu” )

# Things that stop us from coming to church….☺

# Managing committee members –2015

| | |
|---|---|
| Trustee | Tijo Mathew |
| Co Trustee | Alfus George |
| Secretary | Jiby Jacob |
| Joint Secretary | Jobis Skaria |
| **Committee Members** | |
| Clonee / Blanchardstown | Alex Jacob |
| Trim/ Mynooth Area | Bennet Abraham |
| Tallaght/Lucan Area | Dineesh P Varghese |
| Beaumont Area | Saibu Philip |
| Crumlin/St James Area | Saji M Joseph |
| Blackrock /Wicklow Area | Saju Varghese |
| Finglas/City centre Area | Shallot Baby |
| Ladies representative | Riji Reji |
| Vanitha Samajam Secretary | Tils Joby |
| Youth Association Secretary | Joel Jacob |
| Auditors | Saju Jacob |
| | Sunil Kurian |


നീതിമാന്റെ ഓർമ്മ വാഴ്‌വിന്നായിതീരും (സദൃശ്യ. 10:7)
സെന്റ് അത്തനേഷ്യസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കോൺഗ്രിഗേഷൻ
ദ്രോഹഡ, അയർലന്റ്
ഓർമ്മപ്പെരുന്നാൾ
2015 ജനുവരി 23,24 (വെള്ളി, ശനി) തീയ്യതികളിൽ
കർത്താവിൽ പ്രിയരെ,
ദ്രോഹഡ സെന്റ് അത്തനേഷ്യസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കോൺഗ്രിഗേഷന്റെ കാവൽ പിതാവായ 'സത്യവിശ്വാസ സംരക്ഷകൻ' പരി. പൗലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ 62 -ാം ശ്രാദ്ധപ്പെരുന്നാൾ 2015 ജനുവരി 23, 24 (വെള്ളി, ശനി) തീയതികളിലായി ദ്രോഹഡ ഗ്രീൻഹിൽസ് ഔവർ ലേഡി കോളേജ് ചാപ്പലിൽ വച്ച് ഭക്ത്യാദരപൂർവ്വം കൊണ്ടാടുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു.
വിശ്വാസികളേവരും നേർച്ച കാഴ്ചകളോടെ പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ കർതൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.
എന്ന്,
ട്രസ്റ്റി : ഉല്ലാസ് ജോളി ((089) 462 7152
സെക്രട്ടറി : ബിനു കുരിയാക്കോസ് (089) 2070679)
വികാരി : ഫാ. തോമസ് പുതിയാമഠത്തിൽ
മൊബൈൽ : 0860342125
പ്രോഗ്രാം
2015 ജനുവരി 23 വെള്ളി
6.00 pm : സന്ധ്യാ പ്രാർത്ഥന
7.00 pm : പ്രസംഗം
2015 ജനുവരി 24 ശനി
9.45 am : കൊടിയേറ്റ്
10.00 am : പ്രഭാതപ്രാർത്ഥന
11.00 am : വി. കുർബാന
മദ്ധ്യസ്ഥ പ്രാർത്ഥന, പ്രസംഗം
12.45 pm : പ്രദക്ഷിണം
1.15 pm : ആശീർവാദം, കൈമുത്ത്, ലേലം
1.30 pm : നേർച്ച സദ്യ
2.30 pm : കൊടിയിറക്ക്
NB: 1. വി. കുർബാനയ്ക്കുള്ള പേരുകൾ മുൻകൂട്ടി നല്കാവുന്നതാണ്. 2. പെരുന്നാളിൽ ഓഹരി ചേരുവാൻ ആഗ്രഹിക്കുന്നവർ 10 യൂറോ നൽകി ഓഹരി എടുക്കാവുന്നതാണ്.


നീതിമാന്റെ ഓർമ്മ വാഴ്‌വിന്നായിതീരും (സദൃശ്യ. 10:7)
സെന്റ് ഇഗ്നേഷ്യസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കോൺഗ്രിഗേഷൻ
സ്വോർഡ്സ്, അയർലന്റ്
ഓർമ്മപ്പെരുന്നാൾ
2015 ഫെബ്രുവരി 13, 14 (വെള്ളി, ശനി) തീയ്യതികളിൽ
കർത്താവിൽ പ്രിയരെ,
സ്വോർഡ്സ് സെന്റ് ഇഗ്നേഷ്യസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കോൺഗ്രിഗേഷനിൽ മഹാ പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏല്യാസ് തൃതീയൻ പാത്രിയർക്കീസ് ബാ യുടെ ഓർമ്മപ്പെരുന്നാൾ 2015 ഫെബ്രുവരി 13, 14 (വെള്ളി, ശനി) തീയതികളിലായി സ്വോർഡ്സ് ചർച്ച് റോഡിലുള്ള സെന്റ് കൊളമ്പസ് ദേവാലയത്തിൽ വച്ച് പൂർവ്വാധികം ഭംഗിയോടെ കൊണ്ടാടുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു.
വിശ്വാസികളേവരും പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ കർതൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.
എന്ന്, വികാരി
ഫാ. തോമസ് പുതിയാമഠത്തിൽ
മൊബൈൽ : 086 034 2125
തോമസുകുട്ടി ചെറിയാൻ, സെക്രട്ടറി
മൊബൈൽ : 087 972 3038
പ്രോഗ്രാം
2015 ഫെബ്രുവരി 13 വെള്ളി
7.00 pm : സന്ധ്യാ പ്രാർത്ഥന
8.00 pm : പ്രസംഗം
2015 ഫെബ്രുവരി 14 ശനി
9.45 am : കൊടിയേറ്റ്
10.00 am : പ്രഭാത നമസ്കാരം
11.00 am : വി. കുർബാന
മദ്ധ്യസ്ഥ പ്രാർത്ഥന, പ്രസംഗം
12.45 pm : പ്രദക്ഷിണം
1.15 pm : ആശീർവാദം, കൈമുത്ത്
1.30 pm : നേർച്ച സദ്യ
2.30 pm : കൊടിയിറക്ക്
NB: 1. വി. കുർബാനയ്ക്കുള്ള പേരുകൾ മുൻകൂട്ടി നല്കാവുന്നതാണ്. 2. പെരുന്നാളിൽ ഓഹരി ചേരുവാൻ ആഗ്രഹിക്കുന്നവർ 10 യൂറോ നൽകി ഓഹരി എടുക്കാവുന്നതാണ്.

# Kids Corner : Word Search

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| D | T | I | M | E | S | T | G | L | O | R | Y | H | L | R |
| O | A | E | W | O | R | T | H | Y | P | H | T | R | A | E |
| G | N | C | P | I | T | O | S | R | L | G | T | W | L | I |
| W | G | R | B | U | N | E | A | E | N | L | O | H | L | G |
| I | E | E | E | O | R | I | L | E | I | R | E | M | O | N |
| S | L | A | R | G | S | C | R | P | S | R | O | F | R | O |
| D | S | T | L | E | N | T | H | H | O | D | P | N | C | I |
| O | R | U | I | T | S | I | I | A | G | E | E | G | S | T |
| M | D | R | A | E | H | P | V | N | S | V | P | N | A | A |
| S | R | E | D | L | E | G | I | I | A | E | H | I | N | N |
| S | T | S | E | D | O | K | V | E | L | U | D | G | G | I |
| S | E | N | O | R | H | T | H | O | U | S | A | N | D | A |
| E | G | A | U | G | N | A | L | R | I | E | J | I | O | L |
| D | O | O | L | B | R | E | W | O | P | C | I | S | C | S |
| L | A | M | B | S | S | E | R | V | E | N | E | M | A | E |

AMEN
ANGELS
BLOOD
EARTH
ELDERS
FELL
GLORY
GOD
HEARD
HEAVEN
HONOR
KINGDOM
LAMB
LIVING
NATION
PEOPLE
POWER
PRAISE
PRIESTS
REIGN
SANG
SCROLL
SEALS
SERVE
SLAIN
THRONE
TIMES
TRIBE
VOICE
WEALTH
WISDOM
WORTHY
THOUSAND
PURCHASED
CREATURES
LANGUAGE
STRENGTH
WORSHIPED
SINGING

After you find all the hidden words the left over letters spell out a Bible verse reading from the top left to the bottom right

Please email gregorianvoice@gmail.com with your suggestions and comments.

# Kids Corner : Coloring page



Name :

Dear play school children, please color this picture and return it to the church.

# Dates to remember

**13-Jan–2015 : Prayer meeting at Shaji Chacko's house.**

**18-Jan-2015 : Sunday School Extra Curricular Activity Competition.**

**25-Jan-2015 : Budget general body meeting.**

**30-Jan-2015 : Prayer meeting at Lijo John's house.**

**01-Feb-2015 : Registration / Bylaw general body meeting.**

**07-Feb-2017 : 8:30 PM Evening Prayer and Flag hosting at church.**

**08-Feb-2015 : Perunnal.**

**Tuesday, January 13th , 2015:**
**=========================**




**Name : Shaji Chacko**
**Address: 43, Littlepace Woods,**
**Clonee, Dublin -15**
**Mobile : 0876514440**
**Google coordinates: 53.4045989 -6.4296626**

**Friday, January 30th , 2015:**
**=======================**

**Name : Lijo John**
**Address : 69, Priory Lodge,**
**St. Raphels Manor,**
**Celbridge, Co.Kildare.**
**Mobile : 0877768280**
**Google coordinates : 53.3347758 -6.5470348999**

## Vanitha Samajam Chain prayer

**Every first Friday of the month from 6:00 to 24 hrs.**



നീതിമാന്റെ ഓർമ്മ വാഴ്വിനായി തീരും (സദൃശ 10:7)
സെന്റ് ഗ്രീഗോറിയോസ് സുറിയാനി ഓർത്തഡോക്സ് പള്ളി, ഡബ്ലിൻ
ഇടവകയുടെ സ്ഥാപനപ്പെരുന്നാളും
പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവയുടെ
ദുഖറോനോ പെരുന്നാളും
2015 ഫെബ്രുവരി 8 ഞായറാഴ്ച
കർത്താവിൽ പ്രിയരേ,
പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ ദുഖറോനോ പെരുന്നാളും, നമ്മുടെ ഇടവകയുടെ 10-ാമത് സ്ഥാപനപ്പെരുന്നാളും ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച ഒന്നിന്മേൽ കുർബ്ബാനയോടെ ഭക്ത്യാദര പൂർവ്വം ആഘോഷിക്കുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു.
പെരുന്നാളിൽ പ്രാർത്ഥനയോടും നേർച്ച കാഴ്ചകളോടും വന്ന് ആദ്യാവസാനം സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരെയും കർതൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.
എന്ന്
ഫാ. ജോബിമോൻ സ്കറിയ
(വികാരി)
ഫാ. തോമസ് പുതിയമഠത്തിൽ
(സഹ വികാരി)
കാര്യപരിപാടികൾ
2015 ഫെബ്രുവരി 7 ശനി
8.30 pm സന്ധ്യാപ്രാർത്ഥന
പ്രസംഗം
9.50 am കൊടി ഉയർത്തൽ
2015 ഫെബ്രുവരി 8 ഞായർ
10.00 am പ്രഭാത പ്രാർത്ഥന
10.30 am : വി. കുർബ്ബാന
12.00 pm : പ്രസംഗം
12.30 pm : ആശീർവാദം
12.45 pm : ലേലം
: നേർച്ച സദ്യ
2.00 pm : കൊടിയിറക്ക്